**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 713** **11-06-2024 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വണ്ടൂർ നിയോജക മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം പ്രവൃത്തികൾക്കാണ് വൈദ്യുതി വകുപ്പ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (എ) | **കെ എസ് ഇ ബി എൽ മുഖേനയുള്ള പദ്ധതികൾ**<br><br>110 കെ.വി തിരുവാലി സബ്സ്റ്റേഷൻ നിർമ്മാണത്തിനും, വണ്ടൂർ സബ്സ്റ്റേഷനിലെ രണ്ട് 5 എം.വി.എ ട്രാൻസ്ഫോർമറുകൾ 8 എം.വി.എ ട്രാൻസ്ഫോർമറുകളായി ശേഷി വർദ്ധിപ്പിക്കുന്നതിനും രണ്ട് 11 കെ.വി ഫീഡറുകൾ നിർമ്മിക്കുന്നതിനും, കാളികാവ് സബ്സ്റ്റേഷനിൽ പുതുതായി 5 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് രണ്ട് 11 കെ.വി ഫീഡറുകൾ നിർമ്മിക്കുന്നതിനും തുക അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ തിരുവാലി സബ്സ്റ്റേഷൻ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. വണ്ടൂർ സബ്സ്റ്റേഷനിലേയും, കാളികാവ് സബ്സ്റ്റേഷനിലേയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വണ്ടൂർ നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിന്റെ കീഴിൽ 2016 മുതൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി 313.38 ലക്ഷം രൂപയുടെയും 2017-2018 മുതൽ 2022 വരെ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 2682.57 ലക്ഷം രൂപയുടെയും 2022-23ൽ 570.39 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. വണ്ടൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ കെ.എസ്.ഇ.ബി. യുടെ തനത് ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. 11 kV ലൈൻ വലിക്കൽ 149.56 km- Rs. 15,48,15,778.71<br><br>2. LT ലൈൻ വലിക്കൽ – 152.8 km - Rs. 6,23,23,402.41<br><br>3. സിംഗിൾ ഫേസ് ടു ത്രീ ഫേസ് കൺവേർഷൻ (LT) - 108.33 km - Rs. 2,89,33,824.00<br><br>4. ട്രാൻസ്ഫോർമർ - 97 Nos - Rs. 3,53,75,006.00<br><br>5. LT റീ കണ്ടക്ടറിങ് - 1038.774 km - Rs. 4,74,00,934.45<br><br>6. HT റീ കണ്ടക്ടറിങ് - 136.07 km - Rs 1,90,80,311.00 |

ഇത് കൂടാതെ 10 Pole Mounted EV charging Station കളും സ്ഥാപിച്ചു. ഇതിനായി 3,29,102/- രൂപ ചെലവഴിച്ചു. ഇതോടൊപ്പം ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തി AB Switch, Fault Pass Indicator, Spacer സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് വണ്ടൂർ നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

2016 മുതൽ നാളിതുവരെ വണ്ടൂർ നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി 1,95,230/- രൂപ ചെലവാക്കി ഏഴ് പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സൗര പദ്ധതിയുടെ കീഴിൽ വണ്ടൂർ നിയോജകമണ്ഡലത്തിലെ ഉപഭോക്താക്കൾക്കുടെ പുരപ്പുറത്തു 133.95 kW ന്റെ 13 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 58,43,838/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**<u>അനെർട്ട് മുഖേനയുള്ള പദ്ധതികൾ</u>**

വണ്ടൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് അനുവദിച്ച തുകയും കേന്ദ്ര സബ്സിഡിയും ഉപയോഗിച്ച് 4 ലൈഫ് മിഷൻ ഭവനങ്ങളിൽ സൗജന്യമായി 2 കിലോ വാട്ട് വീതം ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| Sl. No. | Name of Consumer | Capacity | Place |
|---|---|---|---|
| 1 | Smt. Savitha Kanchipulli | 2 kW | Tiruvali |
| 2 | Smt. Sabitha | 2 kW | Mampac |
| 3 | Smt. Raseena | 2 kW | Thuvvur |
| 4 | Smt. Prema | 2 kW | Porur |

പി.എം. കുസും പദ്ധതി ഫേസ് 1 പ്രകാരം 3 കാർഷിക പമ്പുകൾ സൗരോർജ്ജവത്കരണം നടത്തി. അതുമായി ബന്ധപ്പെട്ട സംസ്ഥാന വിഹിതമായി Rs.4,27,382/- രൂപ ചെലവാക്കി. പി.എം. കുസും പദ്ധതി ഫേസ് 2 പ്രകാരം കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ